**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 573** **09-08-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. വരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജി.എസ്.ടി. വരുമാനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | സംസ്ഥാനത്ത് ജി.എസ്.ടി വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി വകുപ്പിനെ ജി.എസ്.ടി നിയമത്തിനനുസൃതമായി പുനഃസംഘടിപ്പിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി വകുപ്പിന്റെ പ്രവർത്തനങ്ങളെ നികുതിദായക സേവന വിഭാഗം, ഓഡിറ്റ്, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് എന്നീ വെർട്ടിക്കലുകൾക്ക് കീഴിലായി തിരിച്ച് വെട്ടിപ്പ് തടയുന്നതിനും നികുതി പിരിച്ചെടുക്കുന്നതിനും ഉള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി മികച്ച രീതിയിലുള്ള പരിശീലനവും നൽകി വരുന്നുണ്ട്. നികുതി വെട്ടിപ്പിനെ സംബന്ധിച്ച അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുന്നതിനും നികുതി വെട്ടിപ്പ് തടയുന്നതിനും പൊതുജനങ്ങളെ കൂടി പങ്കാളി കളാക്കികൊണ്ടുള്ള പല പദ്ധതികളും സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. എ.എൻ.പി.ആർ ക്യാമറകൾ ഉൾപ്പെടുന്ന സാങ്കേതിക സംവിധാനങ്ങൾ ഉൾപ്പെടുത്തി വാഹന നിരീക്ഷണം ശക്തമാക്കിയിട്ടുണ്ട്. കൂടാതെ ഇന്റലിജൻസ് വിഭാഗത്തിന്റെ സ്ക്വാഡുകൾ മുഖേനയുള്ള വാഹന പരിശോധനയും കാര്യക്ഷമമായി നടത്തി വരുന്നുണ്ട്. |
| (ബി) | സർക്കാരിന്റെ ഇടപെടൽ കാരണം ജി.എസ്.ടി. വരുമാനം മുൻവർഷത്തെക്കാൾ വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് ജി.എസ്.ടി വരുമാനം വർദ്ധിപ്പിക്കുക എന്നുള്ള ലക്ഷ്യത്തോടെ സമഗ്രമായ രീതിയിൽ വകുപ്പ് പുനഃസംഘടിപ്പിച്ചിട്ടുണ്ട്. പുനഃസംഘടനയിൽ വകുപ്പിന്റെ പ്രവർത്തനങ്ങൾ നികുതിദായക സേവന വിഭാഗം, ഓഡിറ്റ് വിഭാഗം, ഇന്റലിജൻസ് ആൻഡ് എൻഫോഴ്സ്മെന്റ് വിഭാഗം എന്നീ മൂന്നു പ്രധാന വെർട്ടിക്കലുകളിലൂടെ നിർവഹിക്കുവാൻ ഉത്തരവായിട്ടുണ്ട്. ഇതു കൂടാതെ അനുബന്ധ പ്രവർത്തനങ്ങൾക്കായി മറ്റ് വെർട്ടിക്കലുകൾക്കും രൂപം കൊടുത്തിട്ടുണ്ട്. നികുതി ചോർച്ച തടയുന്നതിലേയ്ക്കായി വകുപ്പിന്റെ ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിഭാഗം ഊർജ്ജിതമായും കാര്യക്ഷമമായും പ്രവർത്തിച്ചു വരുന്നു. ബിസിനസ്സ് ഇന്റലിജൻസ് ആൻഡ് ഫ്രോഡ് അനലിറ്റിക്സ് (BIFA), അനലിറ്റിക്സ് ഇൻസൈറ്റ് റിപ്പോർട്ട് (AIR) തുടങ്ങിയ ആധുനിക സങ്കേതങ്ങൾ ഉപയോഗിച്ച് ബിനാമി രജിസ്ട്രേഷൻ, ബിൽ ട്രേഡിങ്ങ്, സർക്കുലർ ട്രേഡിങ്ങ്, വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കൽ എന്നിങ്ങനെ വിവിധ തരത്തിലുള്ള വെട്ടിപ്പുകൾ കണ്ടെത്തി നികുതി വരുമാനം സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതിനോടൊപ്പം ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.<br><br>കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ ആദ്യപാദത്തിലെ അഡ്ഹോക് ഐ.ജി.എസ്.ടി വരുമാനം ഉൾപ്പെടുത്താതെയുള്ള ജി.എസ്.ടി വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ നടപ്പു സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിൽ 18.40% വർദ്ധനവ് നേടാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ